# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1193 — 20/01/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

### സീമാറ്റിനെ സർവ്വകലാശാലയായി ഉയർത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>,, വർക്കല കഹാർ<br>,, കെ. ശിവദാസൻ നായർ<br>,, വി. പി. സജീന്ദ്രൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സീമാറ്റ് - കേരളയെ സർവ്വകലാശാല പദവിയിലേയ്ക്ക് ഉയർത്തുന്നതിന് പദ്ധതിരൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) രണ്ടായിരത്തി ഇരുപതാമാണ്ടോടുകൂടി സീമാറ്റ്-കേരളയെ സർവകലാശാലാ പദവിയിലേക്ക് ഉയർത്തുന്നതിന് വിഷൻ 2020 എന്ന പേരിൽ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) സീമാറ്റ് കേരളയെ, വിദ്യാഭ്യാസം, മാനേജ്മെന്റ്, ഭരണ നിർവഹണം എന്നീ മേഖലകളിൽ സെന്റർ ഓഫ് എക്സലൻസ് ആക്കുക വഴി പൊതു വിദ്യാഭ്യാസ രംഗത്ത് മുതൽക്കൂട്ടാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സീമാറ്റ് കേരളയെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ മാനേജ്മെന്റ് രംഗത്ത് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ / സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുക. ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ലൈബ്രറി സ്ഥാപിക്കുക., ദേശീയ അന്തർദേശീയ സെമിനാറുകൾ നടത്തുക. |

| | | | |
|---|---|---|---|
| | | | റിസർച്ച് പഠനങ്ങൾ എന്നി ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് |
| (സി) | പദ്ധതിക്ക് ഭരണാനുമതി നൽകി യിട്ടുണ്ടോ ; വിശദമാക്കുമോ: | (സി) | വിഷൻ 2020 ന്റെ ആദ്യ സ്റ്റേജിന്റെ നടത്തിപ്പിന് ഭരണാനുമതി നൽകുകയും ഇതിനായി 3,46,17,000/- രൂപ വകയിരുത്തുകയും ഈ തുകയിൽ 50 ലക്ഷം രൂപ ഈ വർഷം തന്നെ പദ്ധതി നടത്തിപ്പിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | പൊതു വിദ്യാഭ്യാസം, ആസൂത്രണം, മാനേജ്മെന്റ്, ഭരണനിർവ്വഹണം എന്നീ മേഖലക ളിൽ എന്തെല്ലാം മാറ്റങ്ങളാണ് പദ്ധതി മൂലം വരുന്നതെന്ന് വിശദമാക്കുമോ? | ഡി) | വിദ്യാഭ്യാസ മാനേജ്മെന്റ് രംഗത്ത്. മാനേജ്മെന്റ് തലത്തിൽ പ്രഥമാധ്യാപകർ, പ്രിൻസിപ്പൽമാർ മറ്റു വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് വിദഗ്ദ മാനേജ്മെന്റ് പരിശീലനം നൽകുക വഴി പൊതു വിദ്യാഭ്യാസ രംഗത്ത് മാനേജ്മെന്റ് തലത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വിദ്യാഭ്യാസ മാനേജ്മെന്റിൽ പോളിസി ഫ്രെയിം വർക്ക് ചെയ്യുക. ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം, റിഫ്രഷർ കോഴ്സുകൾ നടത്തുക, പ്രഫഷണൽ സപ്പോർട്ടും, ഗൈഡൻസും നൽകുക. റിസർച്ച് പ്രോഗ്രാമുകൾ നടത്തുക. കൺസൽട്ടൻസി സർവീസുകൾ നടത്തുക. ലോക നിലവാരത്തിലുള്ള പുതുമയുള്ള പദ്ധതികൾ തയ്യാറാക്കുക, ലോകനിലവാരമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് ലേഖനങ്ങൾ, ജേർണലുകൾ, |

പീരിയോഡിക്കൽ പുസ്തകങ്ങൾ
അച്ചടിച്ച് പ്രസിദ്ധീകരിക്കുക.
വിദ്യാഭ്യാസ രംഗത്തെ പല പദ്ധതികളും
വിലയിരുത്തി അവലോകനം ചെയ്യുകയും
പരിഹാരമാർഗ്ഗങ്ങൾ വേണ്ടതിനുള്ള
മാർഗ്ഗങ്ങൾ ആരായുകയും കണ്ടെത്തുകയും
ചെയ്യുക തുടങ്ങിയവ പ്രധാന
ലക്ഷ്യങ്ങളിൽപ്പെടുന്നു. ഇപ്രകാരമുള്ള
പദ്ധതികൾ നടപ്പിലാക്കുമ്പോൾ
വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ
ഉണർവ്വും കാര്യശേഷിയും ഉണ്ടാകുമെന്നും
പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ